"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന തുറമുഖ വകുപ്പ് - വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡിൽ ഫിനാൻസ് ഓഫീസറുടെ ഒരു തസ്തിക outsource ചെയ്ത് ഒരു വർഷത്തേക്ക് കരാറടിസ്ഥാനത്തിൽ സൃഷ്ടിക്കുന്നതിന് - അനുമതി നല്കി - ഉത്തരവാകുന്നു.

---

**മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്**

സ.ഉ.(കൈ) നം.8/2025/F&P തീയതി,തിരുവനന്തപുരം, 11-04-2025

---

പരാമർശം:- വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 05-06-2024 -ാം തീയതിയിലെ VISL/50/2024-AO/182 നം. കത്ത്.

**<u>ഉത്തരവ്</u>**

വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡിന്റെ ബോർഡ് ഓഫ് ഡയറക്ടർമാരുടെ 05-03-2024-ാം തീയതിയിലെ 58-ാമത് യോഗത്തിൽ ഒരു ഫിനാൻസ് ഓഫീസറുടെ തസ്തിക കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക് Centre for Management Development (CMD) മുഖേന നിയമിക്കുന്നതിന് തീരുമാനിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ, വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡിൽ ഒരു ഫിനാൻസ് ഓഫീസറുടെ തസ്തിക (ചുവടെ ചേർക്കുന്ന പട്ടികയിൽ പരാമർശിക്കുന്ന വിധം) out source ചെയ്ത് ഒരു വർഷത്തേക്ക് (40,000/- രൂപ Consolidated Monthly Remuneration-ൽ) കരാറടിസ്ഥാനത്തിൽ സൃഷ്ടിക്കുന്നതിനായി പരാമർശകത്ത് പ്രകാരം വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

| | |
|---|---|
| തസ്തികയുടെ പേര് | ഫിനാൻസ് ഓഫീസർ |
| ഒഴിവുകളുടെ എണ്ണം | ഒന്ന് |
| കുറഞ്ഞ വിദ്യാഭ്യാസയോഗ്യത | ബി. കോം പ്ലസ് സി.എ. ഇന്റർ. |
| കുറഞ്ഞ പ്രവർത്തി പരിചയം | ഗവ./അർദ്ധ സർക്കാർ/പ്രശസ്ത സ്വകാര്യ സ്ഥാപനത്തിലെ അക്കൗണ്ട്സ് പ്രവർത്തനത്തിൽ കുറഞ്ഞത് 10 വർഷത്തെ പരിചയം. ഒരു സ്ഥാപനത്തിന്റെ അക്കൗണ്ടുകൾ സ്വതന്ത്രമായി കൈകാര്യം ചെയ്യാനും അന്തിമമാക്കാനും സ്ഥാനാർത്ഥിക്ക് കഴിയണം. |
| Consolidated Monthly Remuneration | Rs.40,000/- (Rupees Forty Thousand only) |
| ചുമതലകളും ഉത്തരവാദിത്തങ്ങളും | എസ്ക്രോ അക്കൗണ്ട് പോലെയുള്ള വിവിധ കൺസഷനറുടെ അക്കൗണ്ടുകളുമായി ബന്ധപ്പെട്ട കണക്കുകൾ കൈകാര്യം ചെയ്യുക, പ്രോജക്റ്റിന്റെ കൺകറന്റ് ഓഡിറ്റർമാർ/അഡീഷണൽ ഓഡിറ്റർമാരുമായുള്ള കത്തിടപാടുകൾ കൈകാര്യം ചെയ്യുക. ഓഡിറ്റിന്റെ ബാക്ക്‌ലോഗ് പൂർത്തിയാക്കുന്നതിനും ഓഡിറ്റർമാരുമായും സിഎജിയുമായും ഉള്ള കത്തിടപാടുകൾ കൈകാര്യം ചെയ്യുന്നതിൽ സഹായിക്കുന്നതിനും ആ വ്യക്തി ബാധ്യസ്ഥനായിരിക്കും. |

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡിൽ ഫിനാൻസ് ഓഫീസറുടെ ഒരു തസ്തിക outsource ചെയ്ത് ഒരു വർഷത്തേക്ക് കരാറടിസ്ഥാനത്തിൽ (40,000/- രൂപ Consolidated Monthly Remuneration-ൽ) സൃഷ്ടിക്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ എ കൗശിഗൻ ഐഎഎസ്
സ്പെഷ്യൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (18-10-2024-ാം തീയതിയിലെ 2831553/PU-B3/58/2024-FIN പ്രകാരം)
പൊതുഭരണ (എസ്.സി) വകുപ്പ് (09-04-2025-ാം തീയതിയിലെ ഇനം. നം. 2839 തീരുമാനം പ്രകാരം)
വെബ് & ന്യൂ മീഡിയ, I & PRD (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
P Y Usha
Date: 11-04-2025 13:13:07
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. തുറമുഖ സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്